# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

## (ഹാജർ: വി. എൻ. ജിതേന്ദ്രൻ)

**ഉത്തരവ് നമ്പർ .ഇ9/42761/15 തീയതി.26.12.2015**

വിഷയം : സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം- **ശ്രീമതി. കെ. എച്ച്. ലെജീന.** ശിശുവികസന പദ്ധതി ആഫീസർ സീനിയോറിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം - ന്റെ 14..02..2006 ലെ RIC(1)39629/2004 GW നമ്പർതീയതി കത്ത്
2. സാമൂഹ്യ നീതി ഡയറക്ടറുടെ 09..03..2006 ലെ ഇ.1 (1) 4/2006 നമ്പർ ഉത്തരവ്
3. സാമൂഹ്യ നീതി ഡയറക്ടറുടെ 24-11-2007 ലെ ഇ9/41212/2007 സാ.ക്ഷേ.ഡ. നമ്പർ നടപടിക്രമങ്ങൾ.
4. 26..05..2012 ലെ ജി. ഒ (ആർ.ടി) നം. 206/2012/പി. &എ.ആർ. ഡി. നമ്പർ ഉത്തരവ്
5. സാമൂഹ്യനീതി ഡയറക്ടറുടെ 06..07..2013 ലെ ഇ.1/26150/ 13 നമ്പർ ഉത്തരവ്
6. ശ്രീമതി. കെ. എച്ച്. ലെജീനയുടെ 15..02..2015 ലെ അപേക്ഷ

1. കൊല്ലം അർബൻ -2 ലെ ശിശുവികസന പദ്ധതി ആഫീസർ **ശ്രീമതി. കെ. എച്ച്. ലെജീന** യുടെ പേര് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നും ആയത് ഉൾപ്പെടുത്തണമെന്നും കാണിച്ച് പരാമർശം (6) പ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ട്.

2. **ശ്രീമതി. കെ. എച്ച്. ലെജീന** കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം - ന്റെ പരാമർശം (1) ലെ കത്ത് പ്രകാരം സാമൂഹ്യനീതി വകുപ്പിൽ ശിശുവികസന പദ്ധതി ആഫീസർ തസ്തികയിൽ നിയമന നിർദ്ദേശം ലഭിക്കുകയും തുടർന്ന് സാമൂഹ്യ നീതി ഡയറക്ടറുടെ പരാമർശം (2) ലെ ഉത്തരവ് പ്രകാരം വകുപ്പിൽ ശിശുവികസന പദ്ധതി ആഫീസർ തസ്തികയിൽ നിയമിക്കപ്പെടുകയുണ്ടായി. 23..03..2006 ൽ ടിയാൻ ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്.

3. എന്നാൽ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആ കാലഘട്ടത്തിൽ നടത്തപ്പെട്ട ചില നിയമന നിർദ്ദേശങ്ങൾ കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ റദ്ദ് ചെയ്തിരുന്നു.. ശ്രീമതി. കെ. എച്ച്. ലെജീനയും ഇതിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇതിനെതിരെ ശ്രീമതി. കെ. എച്ച്. ലെജീന ബഹു. ഹൈക്കോടതി മുമ്പാകെ WP(C) No. 28857/2006 പ്രകാരം പരാതി സമർപ്പിക്കുകയും പ്രസ്തുത കേസിലെ ഇടക്കാല ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് പരാമർശം (4) ലെ ഉത്തരവ് പ്രകാരം ശ്രീമതി. കെ. എച്ച്. ലെജീന ഉൾപ്പെടെ 19 ജീവനക്കാരുടെ നിയമനം

ക്രമീകരിക്കുവാൻ സർക്കാർ ഉത്തരവാകുകയും ചെയ്തു. തുടർന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റപ്പെട്ട റിട്ട് പെറ്റീഷനിൽമേൽ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ശ്രീമതി. കെ. എച്ച്. ലെജീനയുടെ പരാതി അവസാനിപ്പിച്ചിട്ടുള്ളതുമാണ്.

4. ശ്രീമതി. കെ. എച്ച്. ലെജീനയുടെ ശിശുവികസന പദ്ധതി ആഫീസർ തസ്തികയിലെ നിയമനം പരാമർശം (5) ലെ ഉത്തരവ് പ്രകാരം 23..03..2006 പൂർവ്വാഹനത്തിൽ ക്രമീകരിക്കുകയുണ്ടായി. കൂടാതെ സാമൂഹ്യനീതി ഡയറക്ടറുടെ 09..10..2014 ലെ ഇ.1/5703/13 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി. കെ. എച്ച്. ലെജീനയുടെ ശിശുവികസന പദ്ധതി ആഫീസർ തസ്തികയിലെ പ്രൊബേഷൻ 23..03..2008 തീയതി പൂർവ്വാഹനത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കപ്പെടുകയുണ്ടായി.

5. ഈ സാഹചര്യത്തിൽ ശിശുവികസന പദ്ധതി ആഫീസർ തസ്തികയിലെ പരാമർശം (3) ലെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി. കെ. എച്ച്. ലെജീനയുടെ പേര് ക്രമനമ്പർ 56 ലെ ശ്രീമതി നീതാദാസിനും ക്രമ നമ്പർ 57 ലെ ശ്രീ.പി. ചന്ദ്രമോഹനനും ഇടക്ക് ക്രമനമ്പർ 56 (എ) ആയി ഉൾപ്പെടുത്തി പരാമർശം (3) ലെ സീനിയോറിറ്റി ലിസ്റ്റ് മേൽപ്പറഞ്ഞപ്രകാരമുള്ള ഉൾപ്പെടുത്തലോടെ ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു. പരാമർശം (3) ലെ സീനിയോറിറ്റി ലിസ്റ്റ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

. ജീവനക്കാരിയുടെ സേവന വിവരം

| ക്രമ നം. | പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | നിയമന നിർദ്ദേശ കത്ത് നമ്പരും തീയതിയും | നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽപ്രവേശിച്ച തീയതി |
|---|---|---|---|---|---|---|
| 56A | Smt. Lejeena.K.H | 21-05-1972 | MA Sociology, Ac test for Executive Officers 1/12 | RIC(1)39629/04/GW dt. 14-02-2006 KPSC, TVPM GO(Rt) No.206/2012/ P&ARD dt. 26-05-2012 | E1/(1)4/2006 dt. 09-03-2006, DSJ, TVPM | 23-03-2006 |

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി.

ശ്രീമതി. കെ. എച്ച്. ലെജീന.

പകർപ്പ്: ഫയൽ/ സ്റ്റോക്ക് ഫൈൽ/വെബ് സൈറ്റിലേക്ക്

E1 സിറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്